# ST.JOHNS U P SCHOOL

## ULANADU

# ACADEMIC MASTER PLAN

## 2025 – 2026

# PROFILE

| | | |
|---|---|---|
| Name of School | : | St. Johns UP School Ulanad |
| Date of Establishment | : | 1956 June |
| Name of District | : | Pathanamthitta |
| Name of Sub-district | : | Aranmula |
| Name of Panchayath | : | Kulanada |
| Name of Block | : | Pandalam |
| Name of Taluk | : | Kozhencherry |
| Name of cluster | : | Kulanada |
| Name of BRC | : | Aranmula |
| Name of H M | : | Lijy Susan John |
| Mob. Number | : | 9495077991 |
| Email ID | : | stjohnsups@gmail.com |
| School Code No | : | 37436 |
| School Manager | : | H.G Dr. Gabriel Mar Gregorios |
| Mobile Number | : | 9496434333 |

# 2025 - 2026
# LIST OF STAFF

| NAME OF TEACHER | DESIGNATION |
|---|---|
| LIJY SUSAN JOHN | HM |
| BENCY K | UPST |
| NEETHU ELZA BABU | UPST |
| RINTU BENNY | PTLG HINDI |

## LIST OF NON TEACHING STAFF

| NAME | DESIGNATION |
|---|---|
| BIJI THOMAS K JOHN | OFFICE ATTENDENT |
| REKHA S | NOON MEAL COOK |

# ആമുഖം

പത്തനംതിട്ട ജില്ലയിൽ ആറന്മുള ഉപജില്ലാ വിദ്യാഭ്യാസ കാര്യാലയ പരിധിയിൽ കുളനട ഗ്രാമപഞ്ചായത്ത് 11-)ം വാർഡിൽ ഉളനാട് എന്ന ഗ്രാമത്തിൽ മനോഹരമായ ഒരു കുന്നിൻ മുകളിലാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത് .

69 വർഷങ്ങൾക്ക് മുൻപ് ശ്രീ. മണ്ണിൽ ചാക്കോ അവർകൾ സ്കൂൾ സ്ഥാപിക്കുകയും 1956 ജൂൺ മുതൽ ക്ലാസുകൾ ആരംഭിക്കുകയും ചെയ്തു .

ശ്രീ. മണ്ണിൽ ചാക്കോ ആദ്യത്തെ മാനേജരും , ശ്രീ.പി.സി .സാമുവേൽ ആദ്യത്തെ ഹെഡ്മാസ്റ്ററും ആയിരുന്നു . നിലവിൽ 3 അധ്യാപകരും 2 അനധ്യാപകരും 47 വിദ്യാർഥികളും ഉണ്ട് . ഈ സ്കൂൾ 1978 ൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കാതോലിക്കേറ്റ് ആൻഡ് എം ഡി സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റിന് കൈമാറി .

ഇപ്പോൾ അഭി.ഡോ.ഗബ്രീയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത മാനേജരായി സ്തുത്യർഹമായി പ്രവർത്തിക്കുന്നു. സ്കൂൾ ബസ് ഉൾപ്പെടെ കാലാകാലങ്ങളിൽ സ്കൂളിന്റെ പാഠ്യ - ഭൗതീക സാഹചര്യങ്ങൾക്ക് മാനേജ്മെന്റും ത്രിതല പഞ്ചായത്തുകളും സഹായങ്ങൾ ലഭ്യമാക്കി തരുന്നു .

ജില്ലാ - ഉപജില്ലാ സ്കൂൾ കലോത്സവങ്ങളിലും , ശാസ്ത്ര മേളകളിലും മറ്റ് പൊതു വിദ്യാഭ്യാസ പദ്ധതികളിലെ മത്സരങ്ങളിലും , അഖില കേരള ബാലജന സഖ്യം ഉൾപ്പെടെയുള്ള സാമൂഹിക പ്രതിബദ്ധത പ്രസ്ഥാനങ്ങളുടെ മത്സരങ്ങളിലും കുട്ടികളെ പങ്കെടുപ്പിക്കുകയും മികച്ച വിജയങ്ങൾ കരസ്ഥമാക്കുകയും ചെയ്ത് വരുന്നു.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗം കൂടുതൽ ശക്തമാക്കുന്നതിനും , ഓരോ വിദ്യാർഥികളുടെയും അക്കാദമിക മികവും ഗുണ നിലവാരവും ഉറപ്പ് വരുത്തുന്നതിനുമായി ആവിഷ്ക്കരിച്ച സമഗ്ര ഗുണമേന്മ പദ്ധതിക്ക് മുൻതൂക്കം നൽകുന്നു .

മാനേജ്മെന്റിന്റെയും , പി റ്റി എ യുടെയും , വികസന സമിതിയുടെയും സഹായ - സഹകരണത്തോടെ പാഠ്യ - പഠ്യേതര - വികസന പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു .

## പൊതു ലക്ഷ്യങ്ങൾ

1. സമഗ്ര ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനായി ഓരോ വിദ്യാർഥിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക
2. പാർശ്വവത്ക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക .
3. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസ്സിൽ നേടേണ്ടുന്ന പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പ് വരുത്തുക .
4. കുട്ടികളുടെ സർഗ്ഗപരവും , അക്കാദമികവും , കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ഉപജില്ല - അന്തർദേശീയ തലങ്ങളിൽ നേട്ടങ്ങൾ കൈവരിക്കുക .
5. കുട്ടികളുടെ അഭിരുചിക്കനുസരിച്ച് സർഗാത്മക പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനും വിവിധ രീതിയിൽ ആവിഷ്ക്കരിക്കുന്നതിനുമുള്ള കഴിവ് വികസിപ്പിക്കുക .
6. എല്ലാ കുട്ടികൾക്കും മലയാളം , ഇംഗ്ലീഷ് , ഹിന്ദി ഭാഷകൾ എഴുതുവാനും , വായിക്കുവാനും, സംസാരിക്കുവാനുമുള്ള കഴിവ് ഉറപ്പ് വരുത്തുക .
7. അക്കാദമിക ഗുണനിലവാരത്തിന് ഉപകരിക്കുന്ന ഭൗതീക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ തയ്യാറാക്കുക .
8. സ്കൂൾ അന്തരീക്ഷത്തെ ഒരു പാഠപുസ്തകം എന്ന നിലയിൽ മാറ്റിയെടുക്കുക .
9. കുട്ടികൾക്ക് അനുഗുണമായി ലഭിക്കേണ്ട എല്ലാ അറിവുകളും , അനുഭവങ്ങളും ലഭ്യമാക്കുക.
10. പഠനം പൂർത്തിയാക്കുന്ന എല്ലാ കുട്ടികൾക്കും അടിസ്ഥാന സാമൂഹിക - ശാസ്ത്ര ധാരണകളും , ഗണിത ശാസ്ത്ര ധാരണകളും വികസിപ്പിക്കുക .

## വിദ്യാലയത്തിൻറെ പരിമിതികൾ

1. ലാബ് സൗകര്യം വളരെ ഏറെ മെച്ചപ്പെടേണ്ടിയിരിക്കുന്നു.
2. ക്യാമ്പസ് കൃത്യമായി അതിർ തിരിച്ച് ചുറ്റുമതിൽ നിർമ്മിച്ചിട്ടില്ല .
3. വിശാലമായ കളിസ്ഥലം ഉണ്ടെങ്കിലും അതിന്റേതായരീതിയിൽ ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു. കുട്ടികളുടെ പാർക്ക് സജ്ജമാക്കേണ്ടതുണ്ട് .
4. സ്മാർട്ട് ക്ലാസ് റൂം നിലവിൽ ഇല്ല .
5. അപ്പർ പ്രൈമറി തലം മാത്രം ഉള്ളതിനാൽ പ്രൈമറി തലത്തിലെ കുട്ടികളെ കൂടുതലായി ആകർഷിച്ചില്ലെങ്കിൽ കുട്ടികളുടെ എണ്ണം കുറയും .

## മലയാളം

### ആമുഖം

ആശയസ്വീകരണത്തിനും ചിന്താശേഷി വളർത്തുന്നതിനുമുള്ള നല്ല ബോധനമാധ്യമമാണ് മലയാളം. ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനും സർഗാത്മക രചനയ്ക്കും സാഹിത്യാഭിരുചി വളർത്തുന്നതിനും ICT സാധ്യതകൾ പ്രയോജനപ്പെടുത്തിയും മലയാള ഭാഷ പഠനം നടത്തേണ്ടതാവശ്യമാണ്.

### ലക്ഷ്യങ്ങൾ

- ഭാഷാശേഷി വർധിപ്പിക്കുക
- സാഹിത്യ അഭിരുചി വളർത്തുക
- പാഠഭാഗവുമായി ബന്ധപ്പെട്ട് പഠനനേട്ടങ്ങൾ ഉറപ്പിക്കുക
- ഭാഷാപരമായ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നു.

## മലയാളം

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|---|
| | ഭാഷാശേഷി വർധിപ്പിക്കുക | വായനമൂല ക്രമീകരിക്കൽ<br>വായനക്കുറിപ്പ് തയ്യാറാകുന്നു<br>പതിപ്പ് നിർമ്മാണം<br>ആസ്വാദനക്കുറിപ്പ് | ഹ്രസ്വകാലം | ഭാഷാധ്യാപകർ | |
| | പിന്നാക്കം നിൽക്കുന്ന കുട്ടികളെ പരിഗണിക്കൽ | ആശംസ കാർഡ് നിർമ്മാണം, ക്രിസ്മസ്, ഓണം, പുതുവത്സരം ഇവയുടെ ആശംസ കാർഡ്, ചിത്രങ്ങൾ വരച്ച് നിറം നൽകുന്നു.<br>ചിത്രങ്ങൾ പരസ്പരം കാണിച്ചുകൊണ്ട് വാക്കുകൾ പറയുന്നു, എഴുതുന്നു. | ഹ്രസ്വകാലം | എസ്.ആർ.ജി | |
| | സാഹിത്യാഭിരുചി വളർത്തുക | വിദ്യാരംഗം രൂപീകരണം. കഥ, കവിതാലാപനം പ്രസംഗം, സാഹിത്യ ക്വിസ് | ഹ്രസ്വകാലം | ഭാഷാധ്യാപകർ | |

## മലയാളം

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|---|
| | പാഠഭാഗവുമായി ബന്ധപ്പെട്ട് പഠന നേട്ടങ്ങൾ ഉറപ്പിക്കൽ | വായനദിനാചരണവുമായി ബന്ധപ്പെട്ട്<br>ചിത്രരചന<br>കാർട്ടൂൺ<br>ഗദ്യവായന<br>പോസ്റ്റർ നിർമ്മാണം<br>കൈയ്യെഴുത്തു മാസിക<br>ICT ഉപയോഗിക്കുന്നു<br>പാഠഭാഗങ്ങളുടെ ദൃശ്യാവിഷ്ക്കാരം<br>നാടാവിഷ്കാരം<br>കവിതാലാപനം | ഹ്രസ്വകാലം | എസ്.ആർ.ജി<br>ഭാഷാധ്യാപകർ | |

## വിഷയം - ഇംഗ്ലീഷ്

### ലക്ഷ്യങ്ങൾ

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.

2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.

3. സ്വതന്ത്രവായനയ്ക്ക് സജ്ജരാക്കുക.

4. സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക.

5. സാങ്കേതിക സാദ്ധ്യതകൾ ഇംഗ്ലീഷ് ഭാഷാവികാസത്തിന് പ്രയോജനപ്പെടുത്തുക.

6. നാടകീകരണം.

7. കവിതാലാപനം.

8. സംവാദ സദസ്സുകൾ.

## ഇംഗ്ലീഷ് (യു.പി)

| ലക്ഷ്യം | പ്രവർത്തനം | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| അക്ഷരതെറ്റില്ലാതെ ഭാഷ ഉപയോഗിക്കാൻ കഴിവുനേടൽ | Picture Reading<br>Making words using English alphabets ........<br>(Alphabet - words - Sentences) | ദീർഘകാലം | | |
| കളികളിലൂടെ ഇംഗ്ലീഷ് ഭാഷയെ പരിചയപ്പെടൽ | വിവിധതരം കളികൾ<br>(Eg: Rabbit & Wolf, Sea and Land, King & Queen)<br>Name and action word, Self Introducing | ദീർഘകാലം | | |
| ഇംഗ്ലീഷ് വായന | 1. Picture reading (Low Proficient learners)<br>2. Paper reading<br>3. Story reading, Cartoons<br>4. Class Library | ദീർഘകാലം | | |

## ഇംഗ്ലീഷ് (യു.പി)

| ലക്ഷ്യം | പ്രവർത്തനം | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| English Writing | Daily diary, Quotations, Rhymes, Poster Making, Greeting card, Picture Description, Description of incidents, places Character Sketch, profile, Magazine, Letter Writing, Script Writing, Notice, Invitation Card, Theater Drama, Punctuations, Conversation, Dialogues, Speech | ഹ്രസ്വകാലം<br>ദീർഘകാലം | ലൈബ്രറി ബുക്ക്സ് | പി.റ്റി.എ |
| English Speaking | English Assembly, English Day, Skit, ICT Classes | ദീർഘകാലം | ഐ.സി.റ്റി. ക്ലാസസ് | പി.റ്റി.എ |
| For Low proficient learners | Picture reading, Story telling Reading rhymes, Envelope Making, Simple Origamy, ICT Classes<br>അധിക പഠന ക്ലാസുകൾ | ദീർഘകാലം | ബുക്സ്<br>ഐ.സി.റ്റി<br>പിക്ച്ചേഴ്സ് | പി.റ്റി.എ |

# വിഷയം - ഹിന്ദി

## ലക്ഷ്യങ്ങൾ

1. ഹിന്ദിയിൽ ആശയവിനിമയത്തിനുള്ള ശേഷി വികസിപ്പിക്കുക.
2. ഹിന്ദിയിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.
3. സ്വതന്ത്രവായനയ്ക്ക് സജ്ജരാക്കുക.
4. സംവാദത്തിന് തയ്യാറാകുക.
5. തീയേറ്ററുകൾ.
6. കവിതാസ്വാദനം.
7. സാങ്കേതിക സാധ്യതകൾ ഹിന്ദി ഭാഷാ വികാസത്തിന് പ്രയോജനപ്പെടുത്തുക- മുഴുവൻ കുട്ടികളേയും ,ഹിന്ദി കംപ്യൂട്ടിംഗ് പരിശീലിപ്പിക്കുക.

വിഷയം : ഹിന്ദി

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലപരിധി | ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ | പിന്തുണ |
|---|---|---|---|---|---|
| 1 | രാഷ്ട്രഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക | അക്ഷരം തിട്ടപ്പെടുത്തൽ<br>അടയാളം ഉറപ്പിക്കൽ<br>പ്ലക്കാർഡ് (അക്ഷരം)<br>വാക്യനിർമ്മിതി<br>വാചകനിർമ്മിതി<br>അധികപഠനം<br>ആശയവിനിമയം | 2 മാസം (ഹ്രസ്വകാലം) | ഹിന്ദി കംപ്യൂട്ടിംഗ് പ്ലക്കാർഡ് | ബി.ആർ.സി<br>സി.ആർസി |
| 2 | ഹിന്ദിഭാഷയുമായി പരിചയപ്പെടൽ | ഹിന്ദി ക്വിസ്<br>ഹിന്ദി സിനിമ/ വാർത്തകൾ കേൾക്കാനുള്ള അവസരം<br>ഹിന്ദിയിൽ സംവാദം<br>ഡ്രാമാ അവതരണം<br>അസംബ്ലി | 3 മാസം (ഹ്രസ്വകാലം) | ഇന്റർനെറ്റ് | ബി.ആർ.സി<br>ഐ.സി.റ്റി |
| 3 | രചനാ സമാഹരണം | മാഗസിൻ നിർമ്മാണം<br>പോസ്റ്റർ നിർമ്മാണം<br>ഡയറിക്കുറിപ്പ് | 3 മാസം (ഹ്രസ്വകാലം) | ഇന്റർനെറ്റ് | ബി.ആർ.സി<br>സി.ആർ.സി |
| 4 | പിന്നാക്കമുള്ളവർക്കുള്ള പ്രത്യേക പരിശീലനം | അക്ഷരപരിചയം<br>കഥകൾ/പാട്ടുകൾ അവതരണം<br>സ്പെഷ്യൽ ക്ലാസ്<br>പുസ്തകം പരിചയപ്പെടുത്തുന്നു. | 4 മാസം (ഹ്രസ്വകാലം) | ഇന്റർനെറ്റ്<br>ലൈബ്രറി | ബി.ആർ.സി |
| 5 | ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയ്യാറാക്കൽ- നാടകീകരണം<br>ഹിന്ദി ബുള്ളറ്റിൻ പ്രസിദ്ധീകരിക്കൽ | മാസത്തിൽ 1 (ഹ്രസ്വകാലം) | ലൈബ്രറി | ഹിന്ദി ക്ലബ്ബ് |

# വിഷയം - ശാസ്ത്രം

## ലക്ഷ്യങ്ങൾ

1. ശാസ്ത്രപഠനത്തിൽ താല്പര്യം വളർത്തുക
2. ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക
3. ശാസ്ത്രപ്രക്രിയാശേഷികൾ വികസിപ്പിക്കുക
4. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക
5. ഇതിന് ഉതകുംവിധം ആധുനിക സൗകര്യങ്ങളോടെയുള്ള ലാബ് സജ്ജമാക്കുക
6. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുക
7. ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാസാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.
8. നിത്യജീവിത സന്ദർഭങ്ങളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കുന്നതിന് കുട്ടിയെ പ്രാപ്തനാക്കുക.
9. തനിക്ക് നേരിട്ട ഒരു പ്രശ്നത്തേയോ സന്ദർഭത്തേയോ ശാസ്ത്രത്തിന്റെ രീതി ഉപയോഗപ്പെടുത്തി പരിഹരിക്കുന്നതിനുള്ള കഴിവ് നേടുക.
10. നേടിയ അറിവ് പുതിയ സന്ദർഭത്തിൽ പ്രയോഗിക്കാൻ കഴിയുക.

## സയൻസ് (യു.പി)

| ലക്ഷ്യം | പ്രവർത്തനം | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തുന്നതിനു വേണ്ടി വിവിധ പ്രവർത്തനങ്ങൾ | ആരോഗ്യസംരക്ഷണം<br>വ്യക്തിശുചിത്വം, പരിസര ശുചിത്വം<br>നിരീക്ഷണം, വായന, വായനക്കുറിപ്പ് തയ്യാറാക്കൽ, പോസ്റ്ററുകൾ, ഡ്രൈഡേ ആചരണം, സെമിനാറുകൾ, ഐ.സി.റ്റി സാദ്ധ്യത ഉപയോഗിച്ച് വിവിധ രോഗങ്ങളെക്കുറിച്ചുള്ള അറിവുകൾ ഇന്റർനെറ്റിൽ നിന്നും ശേഖരിക്കുന്ന പോഷകാഹാര ചാർട്ട് നിർമ്മിക്കൽ, ബി.എം.ഐ കണ്ടുപിടിക്കൽ, അപര്യാപ്തതാ രോഗങ്ങൾ | ദീർഘകാലം | ലൈബ്രറി<br>ഐ.സി.റ്റി | പി.റ്റി.എ<br>ബി.ആർ.സി |
| ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള അറിവ് | ചുറ്റുപാടു നിന്നും ലഭിക്കുന്ന വസ്തുക്കൾ ഉപയോഗിച്ച് പരീക്ഷണ ഉപകരണങ്ങൾ നിർമ്മിക്കുകയും പരീക്ഷണത്തിൽ ഏർപ്പെടുകയും ചെയ്യുന്ന (ഉദാ. മർദ്ദമാപിനി, സ്റ്റെതസ്കോപ്പ്, ചീറ്റാംകുഴൽ) ലാബിൽ വിവിധ പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. ഉപകരണങ്ങളും രാസവസ്തുക്കളും തിരിച്ചറിയുന്നു. | ഹ്രസ്വ കാലം | സയൻസ് ലാബ് | സി.ആർ.സി<br>പി.റ്റി.എ |
| ജൈവകൃഷിയുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് .കൃഷിയുടെ താല്പര്യം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | ജൈവപച്ചക്കറി കൃഷി, വാഴകൃഷി, കരനെൽകൃഷി, ഔഷധസസ്യത്തോട്ടം, ജൈവവൈവിധ്യപാർക്ക് നിർമ്മാണം, കുളം ഒരു ആവാസ വ്യവസ്ഥ, ജൈവവളങ്ങളുടേയും കീടനാശിനികളുടേയും നിർമ്മാണവും തിരിച്ചറിയൽ<br>ആധുനിക പരമ്പരാഗത കൃഷിരീതികളെക്കുറിച്ച് ഒരു പ്രൊജക്ട്, ഭക്ഷ്യ സംസ്ക്കരണം, മാലിന്യസംസ്കരണം. | ദീർഘകാലം | വിദഗ്ദ്ധർ<br>ലാബ് | പി.റ്റി.എ |

| ലക്ഷ്യം | പ്രവർത്തനം | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ശാസ്ത്രീയ പ്രാധാന്യമുള്ള സ്ഥാപനങ്ങൾ സന്ദർശിക്കൽ ശാസ്ത്രപഠനം രസകരമാക്കൽ | ഡാം സന്ദർശനം, വനയാത്ര, കൃഷിഭവനുകൾ, നഴ്സറികൾ, ഫാക്ടറികൾ, കൃഷിവിജ്ഞാനകേന്ദ്രം, ഫാമുകൾ, ശാസ്ത്രപ്രദർശനം എന്നിവിടങ്ങളിൽ സന്ദർശനം | വർഷത്തിൽ ഒന്ന് മധ്യകാലം | ഇന്റർനെറ്റ് കൃഷി ആഫീസർ | പി.റ്റി.എ കർഷകൻ കൃഷി വിജ്ഞാന കേന്ദ്രം |
| പ്രകൃതിയുമായി കുട്ടികൾ കൂടുതൽ ഇടപഴകാനും അറിയാനും | മരങ്ങൾ, ഔഷധസസ്യങ്ങൾ ഇവ വച്ച് പിടിപ്പിക്കുക, ശാസ്ത്രീയ നാമങ്ങൾ കണ്ടെത്തുന്നു, ഔഷധഗുണങ്ങൾ കണ്ടെത്തി രേഖപ്പെടുത്തുന്നു. മണ്ണ്, ജലം, വായു എന്നിവയുടെ സംരക്ഷണ മാർഗ്ഗങ്ങൾ | ദീർഘകാലം | | ഗവൺമെന്റിതര സ്ഥാപനങ്ങൾ ടെക്സ്റ്റ് ബുക്ക് |
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക | ശാസ്ത്രതത്വങ്ങൾ എളുപ്പം മനസ്സിലാക്കുവാൻ ഉപകരിക്കുന്ന ലഘുപരീക്ഷണങ്ങൾ കുട്ടികൾ തന്നെ അവതരിപ്പിക്കുന്നു. പ്രവർത്തനക്രമം ബുക്കിൽ രേഖപ്പെടുത്തുന്നു. | മാസത്തിൽ 1 ഹ്രസ്വകാലം | സയൻസ് ലാബ് | എസ്.ആർ.സി |

# വിഷയം - ഗണിതം

## ലക്ഷ്യങ്ങൾ

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ പ്രദേശത്തിന്റേയും തനത് ഗണിതരീതികളെ പരിചയപ്പെടുത്തുക.
4. ഓരോ പ്രായഘട്ടത്തിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
5. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാദ്ധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുക.

U.P. SECTION

## ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| സംഖ്യാബോധം | ഒന്നു മുതൽ 9 വരെയുള്ള അക്കങ്ങളുടെ എഴുത്തുകൾ തിട്ടപ്പെടുത്തുന്നു. വ്യക്തമായി അക്കങ്ങൾ എഴുതാൻ പരിശീലിപ്പിക്കുന്നു. | 1 മാസം ഹ്രസ്വകാലം | സ്കൂൾ | ടീച്ചർ |
| ചതുഷ്ക്രിയകൾ | സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നീ ക്രിയകളിൽ പ്രാവീണ്യം നേടാനായുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു. | 2 മാസം ഹ്രസ്വകാലം | സ്കൂൾ | ടീച്ചർ |
| ഗുണന പട്ടികകൾ | ഗുണന പട്ടിക ഉപയോഗിച്ച് ഗണിത ക്രിയകൾ ചെയ്യുന്നതിന് പരിശീലനം നൽകുന്നു. | 1 മാസം ഹ്രസ്വകാലം | സ്കൂൾ | ടീച്ചർ |
| രൂപങ്ങൾ | ഗണിതരൂപങ്ങൾ ആയ ചതുരം, സമചതുരം, വൃത്തം, ത്രികോണം, സാമാന്തരീകം എന്നിവ തിരിച്ചറിയുന്നതിനും അളന്ന് വരയ്ക്കുന്നതിനും പരിശീലനം നൽകുന്നു. | ½ മാസം ഹ്രസ്വകാലം | സ്കൂൾ | ടീച്ചർ |
| കോണുകൾ | കോണുകൾ അളന്ന് വരയ്ക്കാനുള്ള പരിശീലന പ്രവർത്തനങ്ങൾ | ഹ്രസ്വകാലം | | |
| ഭിന്നസംഖ്യകൾ ദശാംശ സംഖ്യകൾ | ഭിന്ന സംഖ്യകൾ, ദശാംശ സംഖ്യകൾ ഇവ അടിസ്ഥാനപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ | ഹ്രസ്വകാലം | സ്കൂൾ | ടീച്ചർ |
| അളവുകൾ, തൂക്കങ്ങൾ | നീളം, ഭാരം, ദ്രാവകങ്ങൾ, മുതലായവയുടെ അളവുകൾ, അവയുടെ യൂണിറ്റുകൾ എന്നിവ മനസ്സിലാക്കാനുള്ള പരിശീലനം നൽകുന്നു. | ഹ്രസ്വകാലം | സ്കൂൾ | ടീച്ചർ |
| ന്യൂന സംഖ്യകൾ | പൂജ്യത്തിലും താഴെയുള്ള സംഖ്യകളെക്കുറിച്ച് മനസ്സിലാക്കുന്നു. ഇവ ഉപയോഗിച്ചുള്ള ക്രിയകൾ ചെയ്യിപ്പിക്കുന്നു. | ഹ്രസ്വകാലം | സ്കൂൾ | ടീച്ചർ |

# വിഷയം: സാമൂഹ്യശാസ്ത്രം

## ലക്ഷ്യങ്ങൾ

1. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.

2. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.

3. സമൂഹ ചലനത്തിന്റെ പൊതുസ്വഭാവം വിശകലനം ചെയ്യാനും അതിനായുള്ള രീതിശാസ്ത്രം സ്വായത്തമാക്കാനും സഹായിക്കുക.

4. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.

5. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ സാമൂഹ്യ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.

6. കുട്ടികളിൽ ലഹരിക്കെതിരെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനായി ലഹരിവിരുദ്ധ ക്ലബ്ബ് രൂപീകരിക്കുക.

## വിഷയം: സോഷ്യൽ സയൻസ് – യു.പി

| No. | ലക്ഷ്യം | പ്രവർത്തനം | കാലപരിധി | ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ | പിന്തുണ |
|---|---|---|---|---|---|
| 1. | ഭൂപട നിർമ്മാണം | വാർഡിനെ അറിയുക, സ്കൂൾ സ്ഥിതി ചെയ്യുന്ന വാർഡിലെ നീരൊഴുക്കുകൾ, പൊതുസ്ഥാപനങ്ങൾ, സ്ഥലങ്ങൾ, വ്യക്തികൾ എന്നിവ കണ്ടെത്തി പ്രാദേശിക ഭൂപടം നിർമ്മിക്കൽ.<br>ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | 2 മാസം<br>ഹ്രസ്വകാലം | ലൈബ്രറി<br>വായനശാല<br>സോഷ്യൽ സയൻസ് ഡയറി | നാട്ടിലെ പ്രമുഖർ |
| 2. | പിന്നോക്കാർക്കുള്ള പഠനം | അധികപഠനം<br>ഭൂപട വായനാ പരിശീലനം<br>കേരളം - ജില്ലകൾ<br>സ്ഥാന നിർണ്ണയത്തിന്<br>ഇന്ത്യ - സംസ്ഥാനം - തലസ്ഥാനം<br>ലോകം - വൻകരൾ - മഹാസമുദ്രങ്ങൾ<br>പസിൽസ്, ഗ്ലോബ്, മാപ്, അറ്റ്ലസ്<br>ITC സാധ്യത പ്രയോജനപ്പെടുത്തൽ | 8 മാസം<br>മധ്യകാലം | സ്പെഷ്യൽ ടീച്ചേഴ്സ്<br>മികച്ച വിദ്യാർത്ഥികളുടെ സഹായം | പി.റ്റി.എ |
| 3. | ഡിജിറ്റൽ ആൽബം<br>(യു. പി. വിഭാഗം) | വ്യക്തിഗതം<br>അവതരണം - സോഷ്യൽ സയൻസ് ക്ലബ്ബ് | 2 മാസം<br>ഹ്രസ്വകാലം | ഐ. റ്റി<br>ഇന്റർനെറ്റ് | ബി. ആർ. സി |
| 4. | പാഠഭാഗവുമായി ബന്ധപ്പെട്ട സോഷ്യൽ സയൻസ് ഫെസ്റ്റ് | പ്രദർശനം (മോഡലുകൾ ശേഖരണം)<br>ക്വിസ്, ഉപന്യാസം,<br>ദിനാചരണവുമായി ബന്ധപ്പെട്ട് റാലി,<br>പ്ലക്കാർഡ് നിർമ്മാണം,<br>സംവാദം, ബോധവൽക്കരണ ക്ലാസ്സ് | 6 മാസം<br>മധ്യകാലം | ലൈബ്രറി<br>സ്കൂൾ ഹാൾ,<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | ബി. ആർ. സി |
| 5. | സാമൂഹ്യശാസ്ത്ര ലാബ് നവീകരണം | ഭൂപടങ്ങൾ, ചാർട്ട്<br>പട്ടിക, ഗ്രാഫ്<br>ചിത്രങ്ങൾ, ശേഖരണങ്ങൾ,<br>ഉദ്ധരണികൾ... etc | ദീർഘ കാലം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | BRC<br>PTA |
| 6. | നിർമ്മിതികൾ | പാഠഭാഗവുമായി ബന്ധപ്പെട്ട Still Model,<br>working Model,<br>നിർമ്മിതിക്കുള്ള അവസരം, ഭൂപടങ്ങൾ, ഭൂപ്രകൃതി | ഹ്രസ്വകാലം | നിർമ്മിതിക്കാവശ്യമുള്ള വസ്തുക്കൾ | മികച്ച സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ |
| 7. | പ്രാചീനവും നവീനവുമായ വസ്തുക്കളുടെ ശേഖരണം | വിവിധയിനം സ്റ്റാമ്പ്, നാണയങ്ങൾ, കല്ല്, മണ്ണ്<br>കറൻസികൾ, പഴയകാല ഉപകരണങ്ങൾ | ദീർഘകാലം | | PTA<br>BRC |

## വിഷയം : പ്രവൃത്തിപരിചയം

**ആമുഖം**

എല്ലാ കുട്ടികളിലും നിർമ്മാണത്മക കഴിവുകൾ വികസിപ്പിച്ചെടുക്കുക, ശാരീരിക, മാനസിക ആരോഗ്യം ഉറപ്പുവരുത്തുക തുടങ്ങിയവയ്ക്ക് ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

**ലക്ഷ്യങ്ങൾ**

- ◈ നിർമ്മാണാത്മകമായ കഴിവുകൾ എല്ലാ കുട്ടികളിലും ജനിപ്പിക്കുക.
- ◈ പാഴ്വസ്തുക്കളിൽ നിന്നും പഠനോപകരണങ്ങളും പ്രയോജനപ്രദമായ ഉല്പന്നങ്ങൾ നിർമ്മിക്കാനുള്ള കഴിവ് പ്രോത്സാഹിപ്പിക്കുക.

### പ്രവൃത്തിപരിചയം

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|---|
| | നിർമ്മാണാത്മകമായ കഴിവുകൾ എല്ലാ കുട്ടികളിലും വളർത്തുക. | ശില്പശാലകൾ സംഘടിപ്പിക്കുന്നു.<br>ഗണിതശാസ്ത്ര പ്രവൃത്തി പരിചയമേളയോടനുബന്ധിച്ച് കുട്ടികളെ കണ്ടെത്തി അവർക്ക് പ്രോത്സാഹനം നൽകുന്നു.<br>ഉപജില്ല, ജില്ലാ മത്സരങ്ങളിൽ പങ്കാളികൾ ആക്കുന്നു. | | | |
| | പാഴ്വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളും പ്രയോജനപ്രദമായ ഉല്പന്നങ്ങൾ നിർമ്മിക്കാനുള്ള കഴിവ് പ്രോത്സാഹിപ്പിക്കുന്നു. | ആർട്ട് ഫെസ്റ്റ് നടത്തുന്നു.<br>വേനൽക്കളരി<br>ഒറിഗാമി നിർമ്മാണം | മധ്യകാലം | | |

## വിഷയം : കലാപഠനം

### ആമുഖം

വ്യത്യസ്ത കഴിവുകൾ ഉള്ളവരാണ് കുട്ടികൾ. അവരുടെ കഴിവുകൾ തിരിച്ചറിഞ്ഞ് അവയെ പ്രോത്സാഹിപ്പിക്കേണ്ടത് ആവശ്യമാണ്. കുട്ടികളുടെ സർഗ്ഗവാസന വികസിപ്പിച്ച് എടുക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

### ലക്ഷ്യങ്ങൾ

- കുട്ടികളുടെ സർഗാത്മ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക
- ചിത്രരചനയിൽ പ്രാവീണ്യം നേടൽ

### കലാപഠനം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ചിത്രരചനയിൽ പ്രോത്സാഹിപ്പിക്കൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ചിത്രരചന<br>കാർട്ടൂൺ മത്സരങ്ങളിൽ പങ്കാളികളാക്കുക.<br>പ്രൈമറി സ്കൂളുകളിലെ കുട്ടികളെ ആകർഷിക്കാൻ ചിത്രരചന.<br>സ്കൂൾതലം, ഉപജില്ലാതല മത്സരങ്ങളിൽ പങ്കാളികളാകുക. | മധ്യകാലം | |
| കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക. | പാഠഭാഗങ്ങളിൽ നിന്ന് നാടക ഭാഗങ്ങൾ, കവിതകൾ കണ്ടെത്തി അവതരിപ്പിക്കാനുള്ള പരിശീലനം. അവതരണം. | ഹ്രസ്വകാലം | |
| | സാഹിത്യസമാജം, വിദ്യാരംഗം<br>മത്സരങ്ങൾ സ്കൂൾ തലം നടത്തി. ഉപജില്ലാ മത്സരങ്ങളിൽ പങ്കാളികളാക്കുക.<br>വേനൽക്കളരി<br>കവിതാലാപനം, നാടൻപാട്ട് | ഹ്രസ്വകാലം | എസ്.എസ്.ജി |

## വിഷയം : ആരോഗ്യകായിക വിദ്യാഭ്യാസം

### ആമുഖം

ആരോഗ്യമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ മികച്ച പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.

### ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക
- ആരോഗ്യശീലങ്ങൾ വളർത്തുക
- സ്കൂളിനെ മാലിന്യമുക്തമാക്കുക. ഹരിതാഭമാക്കുക.

### ആരോഗ്യകായികവിദ്യാഭ്യാസം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പുവരുത്തുക | കുട്ടികളെ വിവിധ കളികളിൽ പങ്കാളികൾ ആക്കുക.<br>ബാറ്റ്മിന്റൽ<br>ക്യാരംസ്<br>വേളിബോൾ<br>സ്കിപ്പിംഗ് റോപ്പ്<br>സ്കൂൾതലം, ഉപജില്ലാതലം, കായിക മത്സരത്തിൽ പ്രോത്സാഹനം നൽകി പങ്കാളികളാക്കുക | | |
| ആരോഗ്യ ശീലങ്ങൾ വളർത്തുക | യോഗ പരിശീലനം, വ്യായാമം, ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ, മെഡിക്കൽ ചെക്ക് അപ്പ് | ആഴ്ചയിൽ 3 പ്രാവിശ്യം | എസ്.ആർ.ജി |
| സ്കൂളിനെ മാലിന്യ മുക്തമാക്കുക. ഹരിതാഭമാക്കുക | ഡ്രൈ ഡേ ആചരണം കാര്യക്ഷമമാക്കുക.<br>മാലിന്യങ്ങൾ തരം തിരിച്ച് സംസ്കരിക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യൽ, ശലഭോദ്യാന നിർമ്മാണം | ദീർഘകാലം | സ്കൂൾ വികസന സമിതി<br>Trs. |

## സാമൂഹിക പ്രവർത്തനങ്ങൾ

ക്ലാസ്സ് പി.ടി.എ ശക്തിപ്പെടുത്തൽ, വിദ്യാലയവികസന സമിതി, പൂർവ്വവിദ്യാർത്ഥി സംഗമം, സന്നദ്ധസംഘടനകളുടെ സേവനം സ്വീകരിക്കൽ, പ്രാദേശീക പി.ടി.എ സംഘാടനം, രക്ഷാകത്തൃബോധവത്ക്കരണ ക്ലാസ്സുകൾ, പോളച്ചിറയുടെ ജൈവവൈവിധ്യമ്യൂസിയം.

### സാമൂഹിക പ്രവർത്തനങ്ങൾ

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|---|
| | സാമൂഹിക പങ്കാളിത്തം | വിദ്യാലയത്തിന്റെ പരിസരം വിവിധ മേഖലകളായി തിരിച്ച് രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ സമയത്ത് പി.ടി.എ യോഗങ്ങൾ ചേരൽ<br>വിവിധ ബാച്ചുകളായി പൂർവ്വവിദ്യാർത്ഥി സംഗമം ചേരൽ<br>ആവശ്യങ്ങൾ അവതരണം<br>ഫണ്ട് സമാഹരണം | വർഷത്തിലൊരിക്കൽ | എസ്.ആർ.ജി<br>എസ്.എസ്.ജി | |

## ഉപസംഹാരം

കുട്ടികളിൽ മാനുഷിക മൂല്യങ്ങളും ദേശീയ ബോധവും അച്ചടക്കവും വളർത്തിയെടുക്കുന്ന വേദിയാണ് വിദ്യാലയങ്ങൾ. ഒരു രാജ്യത്തിന്റെ പുരോഗതിയുടെ അടിസ്ഥാനമാണ് നമ്മുടെ പൊതു വിദ്യാലയങ്ങൾ. അതിന്റെ സംരക്ഷണം നാം ഓരോരുത്തരുടേയും കർത്തവ്യമാണ്. നാടിന്റെ വിളക്കായി ഈ വിദ്യാലയം പ്രശോഭിക്കുവാനും തലമുറകൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പു വരുത്തുവാനും വിദ്യാലയ സംരക്ഷണ യജ്ഞത്തിലേക്ക് നമുക്കും അണിചേരാം.